● രമ്യ കെ ജയപാൽ

# മുൻവിധികളില്ലാത്ത അന്വേഷണം

കേരളത്തിലെ സാമൂഹിക പുരോഗതിക്ക് വിദ്യാഭ്യാസം വഹിച്ച പങ്കും അതിന്റെ വഴികളുമാണ് പ്രൊഫ. വി കാർത്തികേയൻനായർ എഴുതിയ 'ഭരണകൂടവും വിദ്യാഭ്യാസവും കേരളത്തിന്റെ അനുഭവങ്ങൾ' പങ്കുവയ്ക്കുന്നത്. വിദ്യാഭ്യാസത്തിന്റെ വിവിധ ദർശനങ്ങളെ ചൂണ്ടിക്കാട്ടുന്നതോടൊപ്പം കൊളോണിയൽ വിദ്യാഭ്യാസം കേരളത്തിന് നൽകിയ സംഭാവനകളും ചർച്ച ചെയ്യപ്പെടേണ്ടതാണെന്ന് തെളിവുകളുടെ പിൻബലത്തിൽ പുസ്തകം സമർഥിക്കുന്നു. നൂറ്റാണ്ടുകളായി വിദ്യാഭ്യാസത്തെ സ്വാധീനിച്ചിരുന്ന വ്യത്യസ്ത സാമൂഹികധാരകളെക്കുറിച്ച് കൃത്യമായ അവബോധം സമ്മാനിക്കുന്നു. ചകിതവും ഭീതിതവുമായ മനുഷ്യാംശത്തിൽ നിന്നുകൊണ്ട് മാത്രമേ സമൂഹത്തെപ്പറ്റി ചിന്തിക്കാനും പ്രവർത്തിക്കുവാനും കഴിയുകയുള്ളൂവെന്ന ഓർമപ്പെടുത്തൽ കൂടിയാണ് ഈ പുസ്തകം.




**ഭരണകൂടവും വിദ്യാഭ്യാസവും കേരളത്തിന്റെ അനുഭവങ്ങൾ**
പ്രൊഫ. വി കാർത്തികേയൻനായർ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
വില: 60 രൂപ

1860-70 കാലഘട്ടങ്ങളിലെ രാഷ്ട്രീയപശ്ചാത്തലവുമായി ബന്ധപ്പെട്ടു നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ സവിശേഷധാരകൾ. രൂപത്തിലും ഭാവത്തിലും പരിണാമത്തിനു വിധേയമായിക്കൊണ്ടിരുന്ന വിദ്യാഭ്യാസവീക്ഷണങ്ങളും സാമൂഹികഅന്തരീക്ഷങ്ങളും കലാപത്തിന്റെയും പ്രതിഷേധത്തിന്റെയും തീക്ഷ്ണതകളും. ചരിത്രത്തിലെ ചോരപ്പാടുകൾ നിറഞ്ഞ അന്തരീക്ഷം. ആഗോളവൽക്കരണപ്രക്രിയകളും സംസ്കാരജ്ഞാന വ്യവസായങ്ങളും കോളനീകരണവും ചൂഷണതന്ത്രങ്ങളും വർഗീയതയുമൊക്കെ നമ്മെ ചുട്ടുപൊള്ളിക്കുന്നു. ആധുനികതയെന്ന പേരിൽ കാട്ടിക്കൂട്ടിയ പല നെറികേടുകളെയും ഇവിടെ ചോദ്യംചെയ്യുന്നു. കാലുഷ്യപൂർണമായ കലർപ്പുകളെ തുറന്നുകാട്ടുന്നു. ആധുനികതയുടെ വികൃതമാക്കലും തിരസ്കരണവും കൊണ്ട് ബലിയാടാക്കപ്പെട്ട ഒരു സംസ്കാരവും അവിടെ ദർശിക്കാം.

ലിപിപരിണാമവും ജൈനബുദ്ധഭിക്ഷുക്കളുടെ സംഭാവനകളുമൊക്കെ പറയുമ്പോൾത്തന്നെ ചാന്ദ്രപഞ്ചാംഗത്തിന്റെയും ജ്യോതിശാസ്ത്രത്തിന്റെയും സംഭാവനകളും കാർഷികസംസ്കാരത്തിൽ ഇവ ചെലുത്തിയ സ്വാധീനവും സമർഥിക്കുന്നു. ക്രിസ്തുവിനു മുമ്പും പിമ്പുമുള്ള അധികാരക്കൈമാറ്റങ്ങളെയും മതപരമായും, വിദ്യാഭ്യാസപരമായും അവരെടുത്ത ചില തീരുമാനങ്ങളെയും ന്യായീകരിക്കുന്നു. യൂറോപ്പിലെ പ്രൊട്ടസ്റ്റന്റ് സഭയും വാണിജ്യവ്യാവസായിക വർഗവും തമ്മിലുള്ള ബാന്ധവവും അവ ഇന്ത്യയെ സ്വാധീനിച്ചതെങ്ങനെയെന്നും ഇതിൽ കാണാം.

1813 ചാർട്ടർ നിയമത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി തുക നീക്കിവച്ചതിനെക്കുറിച്ചും തിരുവിതാംകൂറും കൊച്ചിയും ഗ്രാന്റ് സമ്പ്രദായം നടപ്പാക്കിയതിനെക്കുറിച്ചും പ്രതിപാദിക്കുന്നു. ജാതിസങ്കൽപ്പങ്ങളുടെ വൈരുധ്യവൈജാത്യങ്ങളും അവയുടെ നിരർഥകതയും ചോദ്യം ചെയ്യുന്നു. തിരുവിതാംകൂറിലെ വിദ്യാഭ്യാസചട്ടങ്ങളെയും ശ്രീമൂലം പ്രജാസഭയെയും പരാമർശിച്ച് അന്നത്തെ സാമൂഹിക പരിതസ്ഥിതി അടയാളപ്പെടുത്തുന്നു. കേരളരാഷ്ട്രീയത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയ വിദ്യാഭ്യാസ വ്യാപനത്തെക്കുറിച്ച് വളരെ സൂക്ഷ്മമായ അവലോകനവുമുണ്ട്.

വിദ്യാഭ്യാസ-'ഭരണരംഗങ്ങളിൽ സ്വാധീനമുറപ്പിച്ച മധ്യവർഗം വിദ്യാഭ്യാസമേഖലയിൽ വരുത്തിയ മാറ്റങ്ങളും അതിനെതിരായി ഉണ്ടായ പ്രതിഷേധവും ഗൗരവതരമായി പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

കേരളത്തിന്റെ വിദ്യാഭ്യാസചരിത്രമണ്ഡലത്തിന്റെ സംക്ഷിപ്തചിത്രമാണ് ഈ പുസ്തകം. ചരിത്രാനുഭവത്തിന്റെയും ഭാവുകത്വപരിണാമത്തിന്റെയും ചടുലമായ കാലത്തിലൂടെ നടന്നുവന്ന ഒരധ്യാപകന്റെ ആത്മനിയന്ത്രണവും കർത്തവ്യബോധവും അലോസരമുണ്ടാക്കാത്ത നല്ല ഒരു പഠനഗ്രന്ഥമാണിത്. 'സ്വാഭിപ്രായങ്ങളുടെ വൈകാരികമായ വേഷപ്പകർച്ചകൾ സ്വാതന്ത്ര്യത്തിന്റെ പുതിയ സ്ഥലികളിൽ നിന്നുകൊണ്ട് ഉറക്കെപ്പറയാനും പങ്കുവയ്ക്കാനും ശക്തമായ രചനാശൈലി ഇവിടെ ആയുധമാകുന്നു. ഉള്ളറകളിൽ മുമ്പില്ലാത്തവിധം ബൃഹത്തായ ഒരു ദാർശനികഭൂമിയാണ് ഈ പുസ്തകം.